**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 2420 08.07.2015 ലെ മറുപടിക്ക്

## പട്ടികജാതി കോളനികളുടെ നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കോളനികളുടെ നവീകരണത്തിനായി ഈ സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി കോളനികളുടെ നവീകരണത്തിനായി കോർപസ് ഫണ്ട് ഉപയോഗിച്ച് വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇതിനു പുറമേ സ്വയംപര്യാപ്ത ഗ്രാമം, ഗാന്ധി ഗ്രാമം പദ്ധതികൾ മുഖേന കോളനികളുള്ളിലെ റോഡ് / നടപ്പാതയുടെ നിർമ്മാണം, ഡ്രെയിനേജ് സൗകര്യങ്ങൾ, കുടിവെള്ള പദ്ധതികൾ, വൈദ്യുതീകരണം, ബയോഗ്യാസ് പ്ലാന്റ് , കമ്മ്യൂണിറ്റി ഹാൾ / ഓഡിറ്റോറിയം, കോമ്പൗണ്ട് വാൾ നിർമ്മാണം എന്നിവ നടപ്പാക്കി വരുന്നു. ഒരു കോളനിക്ക് പരമാവധി ഒരു കോടി രൂപയാണ് ഈ പദ്ധതിക്കായി അനുവദിക്കുന്നത്. |
| (ബി) | പട്ടികജാതി കോളനികളിലെ വീടുകൾ പുനരുദ്ധരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മേൽപറഞ്ഞ പദ്ധതികൾ പ്രയോജനപ്പെടുന്നതാണ്. കോളനികളിലെ വീടുകൾ പുനരുദ്ധരിക്കുന്നതിനായി മാത്രം പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ എല്ലാ പട്ടികജാതിക്കാരുടെയും 7 വർഷത്തിലധികമുള്ളതും 25 വർഷത്തിൽ കവിയാത്ത പഴക്കമുള്ളതുമായ വീടുകളുടെ പുനരുദ്ധാരണത്തിന് 50000/- രൂപ ധനസഹായം അനുവദിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ എഴുമാന്തുരുത്ത് പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യവികസനം സംബന്ധിച്ച് നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പക്കലാണ്, ഫയൽ നമ്പർ അറിയിക്കാമോ? | (സി) | എഴുമാന്തുരുത്ത് കോളനിയിലെ റോഡ്, തോടിന്റെ സംരക്ഷണ ഭിത്തി, സ്ഥലം മണ്ണിട്ടുയർത്തൽ എന്നിവയുടെ നിർമ്മാണ ത്തിന് ഫണ്ട് അനുവദിക്കണമെന്നാ വശ്യപ്പെട്ടുകൊണ്ടുള്ള നിവേദനത്തിൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികൾ ഫീസിബിൾ ആണെങ്കിലും വീടിന് ചുറ്റും മണ്ണടിച്ചുയർത്തുക, തോടിന്റെ സൈഡ് കരിങ്കൽ ഭിത്തി കെട്ടുക എന്നീ പ്രവൃത്തികൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച എ 5-2907/15-ാം നമ്പർ ഫയൽ കോട്ടയം ജില്ലാ പട്ടികജാതി വികസന ആഫീസിലാണ്. എഴുമാന്തുരുത്ത് പട്ടികജാതി കോളനിയിൽ അടിസ്ഥാന സൗകര്യ ത്തിനായി ജില്ലാ പഞ്ചായത്ത് വികസന പദ്ധതിയിൽ റോഡ് നിർമ്മിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ